ശ്രീ. പി. എം. വറുഗീസ്: സ്പീക്കറുടെ റൂളിംഗ് എത്ര നേരത്തേക്ക് സ്റ്റേ ചെയ്യാം എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് റൂളിംഗിനു് വിധേയമല്ല.

Sri. R. K. Ram: Before asking the Member to withdraw his statement is it necessary to ascertain whether there are really Members in the Assembly who are black-marketers?

Mr. Speaker: No it is not necessary. ഉപദേശം പരിഗണിക്കേണ്ട. അതു കൂടാതെതന്നെ പിൻവലിക്കണം.

ശ്രീ. വി. ഗംഗാധരൻ നായർ: ഞാൻ പിൻവലിച്ചിരിക്കുന്നു.

അദ്ധ്യാപകശമ്പളം

*ക ക്വ ച. (വ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയ പദ്ധതിയനുസരിച്ചു് എത്ര പ്രൈവറ്റ് സെക്കൻഡറി സ്കൂളിൽ അദ്ധ്യാപകശമ്പളം കൊടുത്തിട്ടുണ്ടു്?

(ബി) ഏതു് മാസംമുതൽക്കാണു് അങ്ങനെ കൊടുത്തിട്ടുള്ളതു്?

(സി) മറ്റു സ്കൂളുകളിൽ അതുപോലെ ശമ്പളം കൊടുക്കാത്തതെന്തു കൊണ്ടാണു്?

(ഡി) അദ്ധ്യാപകരുടെ പണിമുടക്കുകൂടാതെ എത്ര സ്കൂളുകൾ ഫീസുപിരിവിന്റെ വ ഠ ശതമാനം ഗവൺമെന്റിനു് തന്നു?

(ഇ) ഗവൺമെന്റിനു് ഫീസുപിരിവിന്റെ വ ഠ ശതമാനം തന്നിട്ടുള്ള സ്കൂളുകളിൽ ഏത്ര എണ്ണത്തിൽ അതിലേക്കു് അദ്ധ്യാപക പണിമുടക്കു നടന്നിട്ടുണ്ടു്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ക ര ഠ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുത്തിട്ടുണ്ടു്.

(ബി) ക—ൻ—ക ൻ ൽ ഠ മുതൽക്കോ, അതിനുശേഷമാണു് സ്കീം പദ്ധതിയിൽ ചേർന്നതെങ്കിൽ അന്നുമുതൽക്കോ.

(സി) ശമ്പളം ക്രമീകരിക്കുന്നതിനു് ആവശ്യമായ വിവരങ്ങൾ ചിലമാനേജ്മെന്റിൽനിന്നും ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണു്.

(ഡി) അദ്ധ്യാപകപണിമുടക്കും ശമ്പള ക്രമീകരണവുമായി ബന്ധമൊന്നുമില്ല.

(ഇ) വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: വ ഠ ശതമാനം ഫീസു് അടയ്ക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ വ ഠ ശതമാനം അടയ്ക്കാതിരുന്നതു് അദ്ധ്യാപകന്മാരുടെ കുറ്റംകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ കുറ്റമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫീസു് പിരിവു് ആരാണു് അടയ്ക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരാണ് അടക്കേണ്ടതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മാനേജർ അടച്ചില്ലെങ്കിൽ അദ്ധ്യാപകന്മാക്ക് ശമ്പളം കൊടുക്കാതിരിക്കുന്നതു് ന്യായമാണോ?

Mr. Speaker: Order, order. The question is disallowed.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ജൂലൈമാസത്തെ ഫീസ് പിരിക്കാൻ പാടില്ലെന്ന ഓർഡർ കൊടുത്തിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്ക് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. എ. താണുപിള്ള: (ഡി) ചോദ്യത്തിനുള്ള ഉത്തരമല്ല പറഞ്ഞതു്. ശമ്പള സമീകരണവും പണിമുടക്കും തമ്മിൽ ബന്ധമില്ലെന്നാണ് ഉത്തരം നൽകിയതു്. ചോദ്യം അതല്ലായിരുന്നു. ചോദ്യത്തിനുള്ള ഉത്തരം കിട്ടിയാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉത്തരംതന്നെയാണു് പറഞ്ഞതു്. പണിമുടക്കുകൊണ്ടാണു് ചില സ്കൂളുകൾ ഗവണ്മെന്റിൽ പണം അടച്ചതെന്ന ഒരു അസംപ്ഷൻ അതിലുണ്ടു്. ആ അസംപ്ഷൻ തെറ്റാണെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: പണിമുടക്കു കൂടാതെയാണോ എല്ലാ സ്കൂളുകളും പണം അടച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞതില്ല.

ശ്രീ. എ. താണുപിള്ള: അദ്ധ്യാപക പണിമുടക്കിന്നിടയാക്കാതെ എത്ര സ്കൂളുകൾ വ ൦ ശതമാനം പണമടച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണമടക്കാത്ത സ്കൂളുകളിലുള്ള അദ്ധ്യാപകന്മാക്കും ഈ രീതിയിലുള്ള ശമ്പളം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കേണ്ടിവരും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പറ്റി ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിച്ചുവരുന്നുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവണ്മെന്റു് നേരിട്ടു് ഈ കാര്യത്തിൽ ഇടപെട്ടു് ശമ്പളം കൊടുക്കാൻ ഉദ്ദേശിക്കുന്നോ അതോ മാനേജരെക്കൊണ്ടു് നിർബ്ബന്ധിച്ചുകൊടുപ്പിക്കാൻ ഉദ്ദേശിക്കുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള പദ്ധതികൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: വ ൦ ശതമാനം അടക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാക്ക് ശമ്പളം കൊടുക്കേണ്ടതുമായി ഗവണ്മെന്റിനു് ബന്ധമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളം കൊടുക്കേണ്ടതു് മാനേജരന്മാരാണു്.

ശ്രീ. എ. താണുപിള്ള: അടുത്ത സ്കൂൾവർഷം തുടങ്ങുന്നതിനു് മുമ്പെങ്കിലും ഈ സെക്കൻഡറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ചുള്ള പ്രശ്നം അവസാനമായി പരിഹരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും പരിഹരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

മീൻപിടിത്ത കപ്പൽ

*ഉ ഉവ്വ (൯) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'ചന്ദ്രിക' എന്ന മീൻപിടിത്ത കപ്പലിന്റെ പ്രവർത്തനത്തിന് എന്തു പുരോഗതി ഉണ്ടായിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഏപ്രിൽമാസത്തിനു ശേഷം കപ്പൽ പ്രവർത്തനം നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ആ കപ്പലിനുവേണ്ടി ഗവൺമെന്റിൽ നിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ഇപ്പോൾ അതെന്താണ് ഉപയോഗിക്കാത്തത്?

ശ്രീ. ടി. കെ. നാരായണപിള്ള: സീ വർത്തി ആയിട്ടില്ല എന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ വാങ്ങിയിട്ട് എത്ര മാസങ്ങൾ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കുറച്ചുകാലം നടത്തിയിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ പ്രവർത്തനം നടത്തിയ കാലമാണോ കൂടുതൽ അതോ നടത്താത്ത കാലമാണോ കൂടുതൽ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: അതിനെ സീവർത്തിയാക്കാൻ എന്തു ചെയ്യുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു തവണ റിപ്പയർചെയ്ത് പരീക്ഷിച്ചു നോക്കിയതിൽ പിന്നെയും ചില റിപ്പയർകൂടി ചെയ്യണമെന്നാണ് അറിയിച്ചിരിക്കുന്നത്. അങ്ങിനെ റിപ്പയർ നടത്തിക്കൊണ്ടിരിക്കണമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നു.

Sri. P. Balakrishnan Tampi: Is 'Chandrika' coming back to the place from where it started?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. വേലായുധൻ നായർ മലയാളത്തിൽ ചോദിച്ച ചോദ്യംതന്നെയാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly